**ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ**

**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം**

---

**വിഷയം:** ആവഡ-ശ്രീ. സുഗീഷ് കുമാർ. വി, സീനിയർ ക്ലാർക്ക്, റീജിയണൽ പബ്ലിക് ഹെൽത്ത് ലബോറട്ടറി, കോഴിക്കോട് - സീനിയോറിറ്റി പുനർ നിർണ്ണയിച്ച് പുറപ്പെടുവിച്ച നോട്ടീസ് അന്തിമമാക്കി ഉത്തരവാകുന്നു

**പരാമർശം:**

1. ഉത്തരവ് നം. ജി ഒ (എം എസ്) നം. 203/2000/എച്ച് & എഫ് ഡബ്ല്യ ഡി തീയതി 11/08/2000
2. ഉത്തരവ് നം. എ2/379/2002/ ജി മെ ഓ (ആ) മഞ്ചേരി തീയതി 28/08/2002
3. ഉത്തരവ് നം. എ2/455/2005 ജി മെ ഓ കോഴിക്കോട് തീയതി 2/2/2005
4. ഉത്തരവ് നം. ഇ എസ്2-88777/2007/ആവഡ തീയതി 14/01/2009
5. ഉത്തരവ് നം.ഇഎസ്2-40318/2012/ആവഡ തീയതി 15/12/2014
6. ഉത്തരവ് നം.ഇ ഡി1/03/2017/ആ വ ഡ തീയതി 20/02/2017
7. ഉത്തരവ് നം. ഇ എസ്2-96800/2017/ആവഡ തീയതി 21/11/2019
8. ശ്രീ. സുഗീഷ് കുമാർ വി, സീനിയർ ക്ലാർക്കിന്റെ 06/11/2023 ലെ അപേക്ഷ
9. കത്ത് നം എ2/3282/2024/ ജി മെ ഓ (ആ) കോഴിക്കോട് തീയതി 19/05/2024
10. ഉത്തരവ് നം.ഡി എച്ച് എസ്/14227/2024/-ഇഡി1 തീയതി.21/08/2024
11. നോട്ടീസ് നം ഇ എസ്2- 24862/2023/ആവഡ തീയതി 7/9/2024

**ഉത്തരവ് നം. ഇ എസ്2- 24862/2023/ആവഡ തീയതി.** 05-10-2024

ശ്രീ സുഗീഷ് കുമാർ വി, സീനിയർ ക്ലാർക്ക്, റീജിയണൽ പബ്ലിക് ഹെൽത്ത് ലബോറട്ടറി, കോഴിക്കോട് പരാമർശം 1, 2 ലെ ഉത്തരവ് പ്രകാരം എൽ ഡി ക്ലാർക്കായി 9/9/2002 ന് ആരോഗ്യ വകുപ്പിൽ ജോലിയിൽ പ്രവേശിക്കുകയും പരാമർശം 3 ലെ ഉത്തരവ് പ്രകാരം 9/9/2004 ൽ പരിവീക്ഷകാലം പൂർത്തിയാക്കുകയും പരാമർശം 4 പ്രകാരമുള്ള 1/4/1997 മുതൽ 31/12/2002 വരെയുള്ള ക്ലാർക്കുമാരുടെ സീനിയോറിറ്റി ലിസ്റ്റിൽ റാങ്ക് നം 335 ആയി ഉൾപ്പെടുകയും ചെയ്തു. തുടർന്ന് ജനവരി 2016 ൽ ഡിപ്പാർട്മെന്റ് പരീക്ഷ പാസ്സായതിന്റെ അടിസ്ഥാനത്തിൽ പരാമർശം 6

പ്രകാരം സീനിയർ ക്ലാർക്ക് തസ്തികയിൽ സ്ഥാനക്കയറ്റം അനുവദിക്കുകയും സീനിയർ ക്ലാർക്കുമാരുടെ 01/09/2012 മുതൽ 31/12/2018 വരെയുള്ള പരാമർശം 7 പ്രകാരമുള്ള സീനിയോറിറ്റി പട്ടികയിൽ റാങ്ക് 376 ആയി ഉൾപ്പെടുത്തി 10/5/2016 തീയതി പ്രാബല്യത്തിൽ സീനിയർ ക്ലാർക്ക് തസ്തികയിൽ സ്ഥാനക്കയറ്റം നിർണ്ണയിക്കുകയും ചെയ്തു.

ശ്രീ സുഗീഷ് കുമാർ. വി, സീനിയർ ക്ലാർക്ക്, 2003 ജൂലൈ മാസത്തിലെ വകുപ്പ് തല പരീക്ഷ എഴുതിയെങ്കിലും Registration Number തെറ്റായതു കാരണം പരീക്ഷ ഫലം അറിയാൻ സാധിച്ചില്ലെന്നും നിലവിൽ 2009 ജൂലൈ മാസത്തെ Account Test Lower സർട്ടിഫിക്കറ്റ് കേരള പി എസ് സി അനുവദിച്ചതിന്റെ അടിസ്ഥാനത്തിൽ മുൻകാല പ്രാബല്യത്തിൽ സീനിയർ ക്ലാർക്ക് തസ്തികയിൽ പ്രൊമോഷൻ അനുവദിക്കണമെന്നും ആവശ്യപ്പെട്ട് ടിയാൻ പരാമർശം 8 പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

ശ്രീ സുഗീഷ് കുമാർ. വി, സീനിയർ ക്ലാർക്കിന് മുൻകാല പ്രാബല്യത്തോടെ സീനിയർ ക്ലാർക്കായി സ്ഥാനക്കയറ്റം നൽകുന്നതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ പി എസ് സി ഡിപ്പാർട്ട്മെന്റ് ടെസ്റ്റ് സർട്ടിഫിക്കറ്റ് നം. 293/2023. തീയതി. 2/11/2023 പ്രകാരം ടിയാൻ ഡിപ്പാർട്ട്മെന്റ് ടെസ്റ്റ് പാസ്സായിട്ടുണ്ടെന്നും ആയതിനാൽ മുൻകാല പ്രാബല്യം വച്ച് സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടാൻ അർഹത ഉണ്ട് എന്നും പരാമർശം 9 പ്രകാരം ജില്ല മെഡിക്കൽ ഓഫീസർ ആരോഗ്യം (ആ) കോഴിക്കോട് റിപ്പോർട്ട് സമർപ്പിച്ചിരുന്നു. പി എസ് സി ഡിപ്പാർട്ട്മെന്റ് ടെസ്റ്റ് സർട്ടിഫിക്കറ്റ് നം. 293/2023. തീയതി.2/11/2023 പ്രകാരം ടിയാൻ Account Test Lower - July 2009 ൽ പാസ്സായിട്ടുണ്ട്. തുടർന്ന് 01-04-2010 തീയതി പ്രാബല്യത്തിൽ ശ്രീ സുഗീഷ് കുമാർ വി ക്ക് സീനിയർ ക്ലാർക്ക് തസ്തികയിൽ കെ എസ് ആർ പാർട്ട് റൂൾ 23 (സി) GO(P) No. 629/2010/Fin dated. 25/11/2010) പ്രകാരം നോഷണൽ പ്രൊമോഷൻ അനുവദിച്ച് പരാമർശം 1 0 പ്രകാരം ഉത്തരവായിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ശ്രീ. സുഗീഷ് കുമാർ വി-യെ 17/06/2000 മുതൽ 31/08/2012 വരെയുള്ള കാലയളവിലെ പരാമർശം 5 പ്രകാരമുള്ള സീനിയർ ക്ലാർക്കുമാരുടെ സീനിയോറിറ്റി പട്ടികയിൽ റാങ്ക് നമ്പർ 720 A ആയി ഉൾപ്പെടുത്തിയും നിലവിൽ ടിയാൻ ഉൾപ്പെടുന്ന സീനിയർ ക്ലാർക്കുമാരുടെ 1/9/2012 മുതൽ 31/12/2018 വരെയുള്ള കാലയളവിലെ പരാമർശം 7 പ്രകാരമുള്ള സീനിയർ ക്ലാർക്ക് സീനിയോറിറ്റി പട്ടികയിലെ റാങ്ക് നമ്പർ 376 റദ്ദാക്കിയും പരാമർശം 11 പ്രകാരം നോട്ടീസ് പുറപ്പെടുവിച്ചിരുന്നു.ആയതിന്മേൽ യാതൊരു ആക്ഷേപവും നാളിതുവരെ ലഭ്യമായിട്ടില്ല

മേൽ സാഹചര്യത്തിൽ ശ്രീ സുഗീഷ് കുമാർ വി, സീനിയർ ക്ലാർക്ക്, റീജിയണൽ പബ്ലിക് ഹെൽത്ത് ലബോറട്ടറി, കോഴിക്കോടിനെ പരാമർശം 5 പ്രകാരമുള്ള ആരോഗ്യ വകുപ്പിലെ സീനിയർ ക്ലാർക്കുമാരുടെ 17/06/2000 മുതൽ 31/08/2012 വരെയുള്ള കാലയളവിലെ സീനിയോറിറ്റി പട്ടികയിൽ 720 A എന്ന താൽക്കാലിക സ്ഥാനം നൽകിയും നിലവിൽ ടിയാൻ ഉൾപ്പെടുന്ന സീനിയർ ക്ലാർക്കുമാരുടെ 1/9/2012 മുതൽ 31/12/2018 വരെയുള്ള കാലയളവിലെ പരാമർശം 7 പ്രകാരമുള്ള സീനിയർ ക്ലാർക്ക് സീനിയോറിറ്റി പട്ടികയിലെ റാങ്ക് നമ്പർ 376 റദ്ദാക്കിയും പരാമർശം 11 പ്രകാരം പ്രസിദ്ധീകരിച്ച നോട്ടീസ് അന്തിമമാക്കിക്കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു

വിശദവിവരം ചുവടെ ചേർക്കുന്നു.

**Inclusion in the final Seniority list of Senior Clerks in Health Services Department for the period from 17/06/2000 to 31/08/2012 (Order No.ES2-40318/2012/DHS datd 15/12/2014)**

| Sl No | Rank No | Rank No in LDC cadre | Name &PEN | Date of Birth | Date of PSC advice/ G.O/ Appointment Order | Month & Year of Department Test | Date Assigned for promotion as Senior Clerk | Remarks |
|---|---|---|---|---|---|---|---|---|
| 1 | 720 | 334<br>97/02 | Suma Devi.P<br>185097 | 10-10-1975 | GO(MS) No.199/01/H&FWD, Dated 28.07.2001<br>A2/7946/02 DMO(H) Wynd Dated 28.08.2002 | MOP 6/2003<br>AT (L) 6/2003<br>AT (H) 6/2003 | 1/4/2010 | |
| 2 | 720A | 335<br>97/02 | Sugeesh Kumar.V<br>313321 | 28/5/1976 | GO(MS) No.203/2000/H&FWD, Dated 11/8/2000<br>A2-379/02 DMO(H) Manjeri Dated 28.08.2002 | MOP 12/2002<br>AT (L)<br>07/2009 | 1/4/2010 | |
| 3 | 721 | Removed as per order No.ES2-40318/2012/DHS dated 28/05/2015 | | | | | | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | | | | | |
| 4 | 722 | 339<br><br>97/02 | Sreedharan.M<br>303633 | 25-05-1959 | ED5-29888/02/DHS<br>Dated 27.09.2002<br><br>PTA II/517/83 dated.<br>12.09.94 PSC Pta | MOP 6/96<br><br>AT (L) 1/2005 | 1/4/2010 | |

Signed by
M . Abul Kalam
Date: 05-10-2024 12:53:41

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ

സ്വീകർത്താവ്,

ശ്രീ സുഗീഷ് കുമാർ വി,

സീനിയർ ക്ലാർക്ക്,

റീജിയണൽ പബ്ലിക് ഹെൽത്ത് ലബോറട്ടറി,

കോഴിക്കോട് (ജില്ലാ മെഡിക്കൽ ആഫീസർ (ആ) കോഴിക്കോട് മുഖേനെ)

പകർപ്പ്

1. എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും(ആരോഗ്യ വകുപ്പ് ഡയറക്ടറുടെ വെബ് സൈറ്റ് മുഖേനെ)
2. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ വെബ് സൈറ്റ്
3. സൂപ്രണ്ട്, ഇഡി സെക്ഷൻ
4. ഫയൽ/കരുതൽ ഫയൽ.